**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **22-01-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിന്റെ പദ്ധതികൾ പ്രകാരമുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീ. ബി .സത്യൻ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ സ്വയം തൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം കൈവല്യ , നവജീവൻ എന്നീ രണ്ട് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കൈവല്യ പദ്ധതി :- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി 1/11/2016-ലെ സ.ഉ.(പി) 174/2016/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് കൈവല്യ. പ്രസ്തുത പദ്ധതിയുടെ മുഖ്യഘടകമായ സ്വയംതൊഴിൽ വായ്പ പദ്ധതി പ്രകാരം, തൊഴിൽ രഹിതരായ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന്, 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50%, പരമാവധി 25,000/- രൂപ സബ്സിഡി ആയാണ് നൽകുന്നത്. നവജീവൻ പദ്ധതി :- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി “നവജീവൻ” എന്ന പേരിൽ സ്വയംതൊഴിൽ പുനരധിവാസ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് 28/12/2020-ലെ സ.ഉ.(കൈ) 59/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ മുഖ്യഘടകമായ സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിക്കുള്ളിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഓരോരുത്തരും സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000/- രൂപ വരെ ബാങ്ക് വായ്പയായും, വായ്പയുടെ 25% (പരമാവധി 12,500/- രൂപ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡിയായും അനുവദിക്കും. |
| (ബി) | വിധവകൾ, രോഗികൾ, അവിവാഹിതർ തുടങ്ങിയ അശരണരായ വനിതകൾക്കായി ഏർപ്പെടുത്തിയ ശരണ്യ സ്വയം തൊഴിൽ പദ്ധതി പ്രകാരം എത്ര തുക നാളിതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്; | (ബി) | ശരണ്യ സ്വയം തൊഴിൽ പദ്ധതി പ്രകാരം, നാളിതുവരെ 16212 ഗുണഭോക്താക്കൾക്കായി ആകെ 80,04,05,020/- രൂപ (എൺപതുകോടി നാലുലക്ഷത്തി അയ്യായിരത്തി ഇരുപത് രൂപ മാത്രം) വായ്പയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ച കൈവല്യ പദ്ധതി പ്രകാരം സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ; | (സി) | കൈവല്യ പദ്ധതി പ്രകാരം, നാളിതുവരെ 3844 അപേക്ഷകർക്കായി 19,22,00,000/- രൂപ (പത്തൊൻപതുകോടി ഇരുപത്തിരണ്ടു ലക്ഷം രൂപ മാത്രം) സ്വയം തൊഴിൽ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. 30/09/2020-ലെ സ.ഉ.(കൈ) നം. 42/2020/തൊഴിൽ പ്രകാരം 7449 അപേക്ഷകർക്കുകൂടി സ്വയം തൊഴിൽ വായ്പ അനുവദിക്കുകയും ആയതിനായി 37,24,50,000/- രൂപ വിതരണം ചെയ്യുന്നതിന് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് ആയി 'നവജീവൻ' എന്ന പേരിൽ തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട് ; നവജീവൻ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങളാണുള്ളത്. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതിയും, മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കലും. സ്വയംതൊഴിൽ വായ്പ സഹായ പദ്ധതി പ്രകാരം, കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, 50-65 പ്രായപരിധിക്കുള്ളിലുള്ളതും, സ്ഥിരം തൊഴിൽ ലഭിക്കാത്തതും, വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും, എഴുത്തും വായനയും അറിയാവുന്നതുമായ ഗുണഭോക്താക്കൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരം സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000/- രൂപ വരെ ബാങ്ക് വായ്പയായും, വായ്പയുടെ 25% (പരമാവധി 12,500/- രൂപ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡിയായും അനുവദിക്കും. സബ്സിഡി തുക ധനകാര്യ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവ് വച്ച് 0% പലിശ നിരക്കിൽ സൂക്ഷിക്കുന്നതും, സബ്സിഡി ഒഴികെയുള്ള തുകയ്ക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുന്നതുമാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിന് ശേഷവും തൃപ്തികരമായി തുടർന്ന് പോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്കു വരവ് വയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ, മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ തുകയിൽ ക്രമപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ